# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 25, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--178]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ഊർജ്ജ വകുപ്പമന്ത്രി | : 3367 മുതൽ 3440 വരെ |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി | : 3441 മുതൽ 3476 വരെ |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി | : 3477 മുതൽ 3512 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി | : 3513 മുതൽ 3544 വരെ |

### കെ.എസ്.ഇ.ബി-യിലെ മസ്ദൂർ നിയമനം

3367. ശ്രീ.എം.ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിലെ മസ്ദൂർ നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) മസ്ദൂർ നിയമനത്തിനായി ഇപ്പോൾ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

### ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണം

3368. ശ്രീ.ലൂഡി ലൂയിസ്

,, അൻവർ സാദത്ത്

,, സി.പി.മുഹമ്മദ്

,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക മേഖലയിലെ ഊർജ്ജ സംരക്ഷണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നു വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നല്കുമോ?

<u>പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജനം</u>

3369. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ പൂജപ്പുര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് വിഭജിച്ച് പാപ്പനംകോട്ട് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്മേൽ സർക്കാർ എന്തു തീരുമാനമെടുത്തു എന്നു വിശദമാക്കുമോ?

<u>പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ</u>

3370. ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം നടപ്പാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസിയായ അനർട്ട്-ന്റെ ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടുള്ള വിശദമായ പ്രോജക്ടിന് അംഗീകാരം നൽകിയിരുന്നുവോ; എങ്കിൽ ഘടനയിൽ ഏതെല്ലാം മാറ്റങ്ങളാണ് വരുത്തിയത്; വ്യക്തമാക്കുമോ;

(സി) ഭാവിയിലെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത പരിഹരിക്കുന്നതിന് പാരമ്പര്യേതര പുനരാവർത്തക ഊർജ്ജ സ്രോതസ്സുകളെ എപ്രകാരം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

<u>ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം</u>

3371. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ പദ്ധതിയായ ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) അനുസരിച്ച് കേന്ദ്ര സർക്കാരിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച ഡീറ്റൈൽഡ് പ്രോജക്റ്റ് റിപ്പോർട്ട് (ഡി.പി.ആർ.) ന്റെ അടങ്കൽ എത്രയെന്ന് അറിയിക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഏതെല്ലാം ഘടകങ്ങൾക്കാണ് പ്രസ്തുത തുക വകയിരുത്തിട്ടുള്ളത്;

(സി) കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ഡി) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ഈ പ്രോജക്റ്റ് എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ജലവൈദ്യുതിയിൽ നിന്നല്ലാതെയുള്ള ഊർജ്ജോല്പാദനം</u>

3372. ശ്രീ.എ.കെ.ബാലൻ

,, രാജു എബ്രഹാം

,, എ. പ്രദീപ്കുമാർ

,, സാജു പോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുതിയിൽ നിന്നല്ലാതെ ഊർജ്ജോല്പാദനം നടത്തുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ലക്ഷ്യം നേടുന്നതിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ ജലവൈദ്യുതിയിൽ നിന്നല്ലാതെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത കാലയളവിൽ ജലവൈദ്യുതിയിൽ നിന്നല്ലാതെ ഉല്പാദന പദ്ധതിക്കായി ബജറ്റുകളിൽ നീക്കിവെച്ച തുകകൾ അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ജലവൈദ്യുത പദ്ധതികളല്ലാതെ, ലക്ഷ്യമിട്ട ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാൻ സാധിക്കാതെ പോയതെന്ന് അറിയിക്കാമോ?

<u>നോ ലോഡ് ഷെഡിംഗ് ക്യാമ്പയിൻ</u>

3373. ശ്രീ.കെ.അച്ചുതൻ

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നോ ലോഡ് ഷെഡിംഗ് ക്യാമ്പയിൻ' സംഘടിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി പുറത്ത് നിന്നു വാങ്ങിയ വൈദ്യുതി

3374. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07മുതൽ 2010-11 വരെ ഓരോ വർഷവും പവർ എക്സ്ചേഞ്ച് വഴിയും മറ്റ് ട്രേഡേഴ്സ് വഴിയും കെ.എസ്.ഇ.ബി പുറത്ത് നിന്നു എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയത്; ഇതിനായി എത്ര രൂപാ ചെലവഴിച്ചു; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും പവർ എക്സ്ചേഞ്ച് വഴിയും മറ്റ് ട്രേഡേഴ്സ് വഴിയും കെ.എസ്.ഇ.ബി പുറത്ത് നിന്ന് എത്ര യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയത്; ഇതിനായി എത്ര രൂപാ ചിലവഴിച്ചു; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) രാജ്യത്ത് ഏറ്റവും കൂടുതൽ തുക കൊടുത്ത് പവർ എക്സ്ചേഞ്ചിൽ നിന്നും മറ്റ് ട്രേഡേഴ്സ് വഴിയും വൈദ്യുതി വാങ്ങിയ സംസ്ഥാനം കേരളമാണെന്ന കേന്ദ്ര റെഗുലേറ്ററി കമ്മിഷന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി.

3375. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർകട്ടും, ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കി മുഴുവൻ സമയവും വൈദ്യുതി ലഭ്യമാക്കുന്ന നിലയിൽ സംസ്ഥാനത്തെ വളർത്തിയെടുത്തത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) വൈദ്യുതിയുടെ ചാർജ്ജ് കുറച്ച് സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ സൃഷ്ടിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) കെ.എസ്.ഇ.ബി. യെ ലാഭകരമാക്കുന്നതിന് ഈ സർക്കാർ ചെയ്ത നടപടികൾ വ്യക്തമാക്കുമോ?

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

3376. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ നിലവിലുണ്ട്;

(ബി) പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ആയുർവ്വേദ കോളേജ്, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയും ഉപഭോക്താക്കളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും കണക്കിലെടുത്ത് കല്ല്യാശ്ശേരി മണ്ഡലത്തിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കെ.എസ്.ഇ.ബി. യുടെ പൊതുകടം

3377. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ( 2011 മേയ്) കെ.എസ്.ഇ.ബി. യുടെ പൊതുകടം എത്ര രൂപയായിരുന്നു; നിലവിലെ കടം എത്ര രൂപയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) 2014-15 ൽ കെ.എസ്.ഇ.ബി. താരിഫ് പെറ്റീഷൻ റഗുലേറ്ററി കമ്മീഷന് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക ബാധ്യത എത്ര തുകയാണ്; ഇത് റഗുലേറ്ററി കമ്മീഷൻ അംഗികരിച്ചിട്ടുണ്ടോ; താരീഫ് പെറ്റിഷൻ കൊടുത്തില്ലെങ്കിൽ കൊടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 2015-16 കെ.എസ്.ഇ.ബി. താരീഫ് പെറ്റീഷൻ, കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷന് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ; എത്ര കോടി രൂപയുടെ റവന്യൂ ഗ്യാപ്പ് ആണ് ഇതിൽ കണക്കാക്കുന്നത്; ഇക്കാര്യത്തിൽ റഗുലേറ്ററി കമ്മീഷൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ താരിഫ് പെറ്റീഷൻ കൊടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിൽ കെ.എസ്.ഇ.ബി. അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം

3378. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നിലവിലുള്ള കെ.എസ്.ഇ.ബി. മസ്ദൂർ റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേരെ നിയമിച്ചിട്ടുണ്ട്?

<u>കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം</u>

3379. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂർ ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റ് പടിക്കൽ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓവർസീയർമാരുടെ 751 ഉം ലൈൻമാൻമാരുടെ 1324 ഉം ഇലക്ട്രിസിറ്റി വർക്കർമാരുടെ 1381 ഉം ഒഴിവുകളിൽ പ്രൊമോഷൻ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) 2013 സെപ്തംബർ 30 ന് നിലവിൽ വന്ന കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റിൽ ബാക്കിയുള്ളവരെ എന്ന് നിയമിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

<u>കെ.എസ്.ഇ.ബി. മസ്ദൂർ നിയമനം</u>

3380. **ശ്രീ.മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

<u>കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിലെ ഒഴിവുകൾ</u>

T 3381. **ശ്രീമതി.ഇ.എസ്.ബിജിമോൾ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലെ മസ്ദൂർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് അടിയന്തരമായി റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>കെ.എസ്.ഇ.ബി. നിയമനങ്ങൾ</u>

3382. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത സബ് സ്റ്റേഷനുകളിലും ടി കാലയളവിൽ ആരംഭിച്ച സെക്ഷൻ ഓഫീസുകളിലും ആവശ്യമുള്ള തസ്തികകൾ സൃഷ്ടിച്ച് പി.എസ്.സി.വഴി നിയമനം നടത്തിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(സി) ധാരണയ്ക്ക് വിധേയമായി നിയമനം നടത്തുന്നതിന് വേണ്ടി കെ.എസ്.ഇ.ബി.യിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ(ഇലക്ട്രിക്കൽ)ഒഴിവ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര; ധാരണ എന്തെന്ന് വ്യക്തമാക്കാമോ;

(ഡി) പുതിയ പി.എസ്.സി.ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുണ്ടെന്നും അതിൽ എത്രയെണ്ണം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ;

(ഇ) കെ.എസ്.ഇ.ബി.യിൽ പുതുതായി തസ്തിക സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവെന്ന് വ്യക്തമാക്കാമോ?

<u>കെ.എസ്.ഇ.ബി.യിലെ ക്യാഷ്യർ തസ്തിക</u>

3383. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യിൽ ക്യാഷ്യർ തസ്തികയിൽ 2011 മുതൽ 2016വരെ പി.എസ്.സി മുഖേനയല്ലാതെ വേറെ ഏതൊക്കെ രീതിയിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ക്യാഷ്യർ തസ്തികയിലേക്ക് സബോർഡിനേറ്റ് തസ്തികയിലുള്ളവരെ സർവ്വീസ് ക്വാട്ട വഴി നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഓരോ വർഷവും ക്യാഷ്യർ തസ്തികയിലെ ഒഴിവുകളിൽ എത്ര ശതമാനമാണ് സർവ്വീസ് ക്വാട്ട വഴി നികത്തുന്നതെന്ന് വ്യക്തമാക്കാമോ?

<u>എൽ.ഇ.ഡി.ബൾബുകൾ നൽകുന്ന പദ്ധതി</u>

3384. **ശ്രീ.എം.ചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ഉപയോഗം കുറയ്ക്കുന്നതിനായി എല്ലാ ഉപഭോക്താക്കൾക്കും സൗജന്യ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിതരണം ആരംഭിച്ചിട്ടുണ്ടോ;

(സി) ഒരു ഉപഭോക്താവിന് എത്ര ബൾബുകളാണ് സൗജന്യ നിരക്കിൽ നൽകുന്നത്;

(ഡി) ഏതെല്ലാം ജില്ലകളിലാണ് ഇതിന്റെ വിതരണം ആരംഭിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം

3385. ശ്രീ.അൻവർ സാദത്ത്

,, ആർ . സെൽവരാജ്

,, വർക്കല കഹാർ

,, എം.പി.വിൻസെൻറ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭൂഗർഭ വൈദ്യുതി കേബിളുകൾ

3386. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രദേശങ്ങളിൽ ഭൂഗർഭ വൈദ്യുതി കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുവാനാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഊർജ്ജ സംരക്ഷണത്തിനായി നടത്തുന്ന ബോധവൽക്കരണ പരിപാടികൾ

3387. ശ്രീ.സി.എഫ്.തോമസ്

,, തോമസ് ഉണ്ണിയാടൻ

,, റ്റി.യു. കുരുവിള

,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായി നടത്തുന്ന ബോധവൽക്കരണ പരിപാടികളെകുറിച്ച് വിശദമാക്കാമോ;

(ബി) വൈദ്യുതി ഉപയോഗം കുറയുന്നതിനായി പുതിയ ഇനം ബൾബുകളും മറ്റ് ഇലക്ട്രിക് ഉപകരണങ്ങളും വികസിപ്പിക്കുന്നതിന് എന്തെങ്കിലും ഗവേഷണമോ പഠനമോ ഊർജ്ജ വകുപ്പിന്റെ വകയായി നടക്കുന്നുണ്ടോ; വിശദമാക്കുമോ?

ഊർജ്ജ ഓഡിറ്റ്

3388. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, എ.റ്റി.ജോർജ്
,, ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ഓഡിറ്റ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ചെറുകിട വൈദ്യുത പദ്ധതി

3389. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത ഊർജ്ജ പ്രതിസന്ധി അനുഭവിക്കുന്ന സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മെഗാവാട്ട് വൈദ്യുതി പുതുതായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്;

(ബി) വൻകിട ജലവൈദ്യുത പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ നിരവധി കടമ്പകൾ കടക്കേണ്ടത് ഉള്ളതിനാൽ സംസ്ഥാനത്തെ നദികളിലേയും മറ്റു ജലസ്രോതസ്സുകളും ഉപയോഗിച്ച് ചൈനീസ് മോഡലിൽ ചെറുകിട വൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര പദ്ധതികൾ കെ.എസ്.ഇ.ബി. ആരംഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, തിരമാല തുടങ്ങിയവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ; എത്ര വൈദ്യുതി ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രസ്തുത മേഖലയിൽ നിന്നും ഉൽപ്പാദിപ്പിച്ചിട്ടുണ്ട്; പുതിയതായി പ്രസ്തുത മേഖലയിൽ

നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഊർജ്ജ രംഗത്തെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ കർമ്മ പദ്ധതികൾ

3390. ശ്രീ.ബെന്നി ബെഹനാൻ
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്തെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭൂഗർഭ കേബിൾ സംവിധാനം

3391. ശ്രീ.എസ്.ശർമ്മ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ-എപിഡിആർപി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ കുഴിപ്പള്ളി, പള്ളിപ്പുറം പഞ്ചായത്തുകളിലെ ഓവർ ഹെഡ് ലൈനുകൾ, ഭൂഗർഭ കേബിൾ സംവിധാനത്തിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിൽ നിന്നും പള്ളിപ്പുറം പഞ്ചായത്തിലെ പള്ളിപ്പുറം, കുഴിപ്പള്ളി എന്നീ പഞ്ചായത്തുകളെ മാത്രം ഒഴിവാക്കപ്പെട്ടുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

വൈദ്യുത ചാർജ്ജ് വർദ്ധന

3392. ശ്രീ.കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ എത്ര തവണ വൈദ്യുത സെസ് വർദ്ധിപ്പിച്ചിട്ടുണ്ട് ; വൈദ്യുത ചാർജ്ജിൻെറയും സെസിൻെറയും ഓരോ വർദ്ധനവും, പ്രാബല്യത്തിൽ വന്ന തീയതിയും സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) വൈദ്യുത ചാർജ്ജ് അടിക്കടി വർദ്ധിപ്പിക്കുന്നത് പൊതുജനങ്ങൾക്ക് സാമ്പത്തിക

ബുദ്ധിമുട്ട് ഉളവാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾ

3393. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത ചാർജ്ജ് കുടിശ്ശിക വരുത്തിയ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാറിൻെറ കാലത്ത് വൈദ്യുത ചാർജ്ജ് കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തു;

(സി) കുടിശ്ശിക വരുത്തിയ സർക്കാർ, പൊതുമേഖല, സ്വകാര്യമേഖല സ്ഥാപനങ്ങൾക്കെതിരെ എടുത്ത നടപടികൾ വെളിപ്പെടുത്തുമോ?

വൈദ്യുത പദ്ധതികൾ

3394. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; നാളിതുവരെ എത്ര തുക ചെലവഴിച്ചു.;എത്ര യൂണിറ്റ് വൈദ്യുതി കൂട്ടുതലായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞു;വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ ശബരിഗിരി ജനറേറ്റിംഗ് സ്റ്റേഷന്റെ പ്രവർത്തനം എത്ര ദിവസം തടസ്സപ്പെട്ടു; ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചു; ഇതിനായി എത്ര തുക ചെലവാക്കി ; തടസ്സപ്പെട്ടതിന്റെ ഫലമായി എത്ര യൂണിറ്റ് വൈദ്യുതി കുറവുണ്ടായി; വ്യക്തമാക്കുമോ;

(സി) വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി ഈ സർക്കാർ നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി ഏതെല്ലാം വ്യാപാരികളിൽ നിന്നും വാങ്ങി; നിരക്ക് എത്ര; ഇതിനായി ആകെ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ഭരണാനുമതി ലഭിച്ച വൈദ്യുത പദ്ധതികൾ ഏതെല്ലാം;ഇതിൽ ഏതെല്ലാം പ്രവർത്തനം തുടങ്ങി; ഇതിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കാനാവും;പ്രസ്തുത പ്രവർത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കും;ഇതിനായി നാളിതുവരെ എന്തു തുക ചെലവഴിച്ചു;ഇതിൽ കേന്ദ്ര/സംസ്ഥാന സർക്കാരുടെ വിഹിതം എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ഇ) ബ്രഹ്മപുരത്തെ ഡീസൽ വൈദ്യുതി നിലയത്തിലെ ഡീസൽ എൻജിൻ ജനറേറ്റർ

കേടായത് എന്ന്;ഇതുമൂലം എത്ര മെഗാവാട്ട് വൈദ്യുതിയുടെ കുറവുണ്ടായി; ഇത് പരിഹരിക്കാനായി വാതകാധിഷ്ഠിത ജനറേറ്റർ സ്ഥാപിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര തുക ചെലവഴിച്ചു; വിശദാംശം വ്യക്തമാക്കുമോ?

## സോളാർ സംബന്ധിച്ച നിലപാട്

T 3395. **ശ്രീ.കെ.കെ.നാരായണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള ഏത് വർഷത്തെ ബജറ്റിലാണ് സോളാർ നയം വ്യക്തമാക്കിയത് ;

(ബി) ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

## വൈദ്യുത കമ്പികളിൽ നിന്നുള്ള ആഘാതം

3396. **ശ്രീമതി.കെ.എസ്.സലീഖ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പൊട്ടിവീണ വൈദ്യുത കമ്പകളിൽ നിന്നും ആഘാതമേറ്റ് എത്ര പേർ മരണമടഞ്ഞു; ഇതിൽ സ്കൂൾ കുട്ടികൾ എത്ര; വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക എത്ര തുകയുടെ ധനസഹായം നാളിതുവരെ നൽകിയിട്ടുണ്ട്; ഓരോ കുടുംബത്തിനും ശരാശരി എന്തു തുകയുടെ ധനസഹായം ലഭ്യമാക്കി; വിശദമാക്കുമോ;

(സി) ഇപ്രകാരം ഷോക്കേറ്റ് മരിച്ചാൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വമുണ്ടെന്ന 2013 മാർച്ച് മാസത്തെ ഹൈക്കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി യിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്; എപ്രകാരമുള്ള നടപടിയാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഇനി വരാൻ പോകുന്ന മഴക്കാലത്തെങ്കിലും ഇത്തരം സംഭവങ്ങളുണ്ടാകാതിരിക്കാൻ കെ.എസ്.ഇ.ബി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലെ ഊർജ്ജ ഉപഭോഗം

3397. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന ആഫീസുകളിലെ ഊർജ്ജ ഉപയോഗത്തെ സംബന്ധിക്കുന്ന കെ.എസ്.ഇ.ബി യുടെ ഓഡിറ്റ് ഫലപ്രദമായി നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേന്ദ്ര സർക്കാർ ആഫീസുകളിൽ വൈദ്യുതി ബോർഡിൽ നിന്നും അനുമതി വാങ്ങാതെ നിയമ വിരുദ്ധമായി എയർ കണ്ടീഷണർ, ജനറേറ്റർ, ഇൻവെർട്ടർ, ക്ലീനിംഗ് മെഷീനുകൾ, ഇലക്ട്രിക് സ്റ്റൗ മുതലായ ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇത്തരം ഉപയോഗത്തിലൂടെ താരിഫ് അനുസരിച്ചുള്ള വൈദ്യുതി ഉപയോഗത്തെക്കാൾ വൈദ്യുതി ഉപയോഗം ഇരട്ടിയായി വർദ്ധിക്കുകയും, കുറഞ്ഞ താരിഫിൽ തന്നെ വൈദ്യുതി ബില്ല് നിശ്ചയിച്ചു കിട്ടുക വഴി കെ.എസ്.ഇ.ബി യ്ക്ക് ഭീമമായ സാമ്പത്തിക നഷ്ടം നേരിടുകയാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ; വ്യക്തമാക്കുമോ;

(ഡി) എങ്കിൽ ഇതുമൂലം കെ.എസ്.ഇ.ബി യ്ക്ക് ശരാശരി പ്രതിവർഷം എന്ത് തുകയുടെ സാമ്പത്തിക നഷ്ടം വരുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

## വൈദ്യുത സ്വയംപര്യാപ്തത

3398. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) കേന്ദ്ര അനുമതിക്കായി സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതികളുടെ അംഗീകാരത്തിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും അനുമതി ലഭിക്കുന്നതിനു തടസ്സമെന്താണെന്നും വിശദമാക്കുമോ ?

## സോളാർ പ്ലാന്റുകളിലൂടെ ഉല്പാദിപ്പിച്ച വൈദ്യുതി

3399. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ /സർക്കാർ സോളാർ പ്ലാന്റുകളിലൂടെ എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സോളാർ പവ്വർ പ്ലാന്റുകളുടെ ഏറ്റവും കൂടിയ ഉല്പാദന ശേഷി എത്രയെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുതി വിതരണ രംഗത്തെ കർമ്മ പദ്ധതികൾ</u>

3400. ശ്രീ.എം.പി.വിൻസെൻറ്

,, ആർ . സെൽവരാജ്

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വൈദ്യുതി വിതരണ രംഗത്ത് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>വൈദ്യുതി പ്രസരണ രംഗത്ത് ആസൂത്രണം ചെയ്ത കർമ്മപദ്ധതികൾ</u>

3401. ശ്രീ.എം.എ. വാഹീദ്

,, ബെന്നി ബെഹനാൻ

,, പി.എ.മാധവൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജമേഖലയിൽ വൈദ്യുതി പ്രസരണ രംഗത്ത് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വൈദ്യുതി ഉത്പാദന ചെലവ് കുറയ്ക്കാനും കാര്യക്ഷമമായ വിതരണത്തിനും നടപടികൾ</u>

3402. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉത്പാദന ചെലവ് കുറയ്ക്കാനും കാര്യക്ഷമമായ വിതരണത്തിനും ദീർഘകാലത്തേയ്ക്ക് കൂടുതൽ ചെലവ് വരാത്തവിധം വിദ്യുച്ഛക്തി വകുപ്പിലൂടെ ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ ;

(ബി) വൈദ്യുതി വിതരണ രംഗത്ത് നഷ്ടങ്ങളില്ലാതാക്കുവാനും വൈദ്യുതി വിതരണ തടസ്സം ഉണ്ടാകാതിരിക്കുന്നതിനും ദീർഘകാല ലക്ഷ്യത്തോടെ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ ;

(സി) ഇത്തരം നടപടികൾ മേഖലതിരിച്ചാണ് നടപ്പിലാക്കുന്നതെങ്കിൽ എവിടെയെല്ലാം ഇപ്രകാരം ചെയ്തുകഴിഞ്ഞു; വിശദമാക്കുമോ ?

<u>വൈദ്യുതി ഉല്പാദനം</u>

3403. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അധികമായി വൈദ്യുതി ഉല്പാദിപ്പിച്ചത് ഏതെല്ലാം പദ്ധതികളിൽ നിന്നുമാണ് എന്ന് അറിയിക്കുമോ ?

<u>വൈദ്യുതി കണക്ഷൻ -ബി.പി.എൽ വിഭാഗം</u>

3404. ശ്രീ.റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും ഇളവുകൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്ത് വൈദ്യുതി കണക്ഷനുകൾ ലഭിക്കാത്ത കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ണൂർ ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് വൈദ്യുത കണക്ഷനുകൾ ലഭിക്കാതെയുണ്ട്;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിൽ വൈദ്യുതി ലഭിക്കാത്ത എത്ര കുടുംബങ്ങൾ ഉണ്ടെന്നറിയിക്കാമോ; ഇത്തരം കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

<u>മലപ്പുറം നെടുപറമ്പ് ഭാഗത്തെ വോൾട്ടേജ് ക്ഷാമം</u>

3405. ശ്രീ.കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സെക്ഷനിൽ ഉൾപ്പെട്ട നെടുപറമ്പ് ഭാഗത്തെ വോൾട്ടേജ് ക്ഷാമം സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നത് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ പ്രദേശത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഉയർന്ന വോൾട്ടേജ് വൈദ്യുതിയുടെ ലഭ്യത

3406. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേയ്ക്ക് ഉയർന്ന വേൾട്ടേജ് വൈദ്യുതി എത്തിക്കാനുള്ള ഇടനാഴി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണ്; പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തിന് എത്ര തുക ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തേക്ക് എത്ര മെഗാവാട്ട് വൈദ്യുതി കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നത്;

(ഇ) പ്രസ്തുത പദ്ധതി വഴി സംസ്ഥാനത്തിന്റെ വൈദ്യുതി വിതരണ രംഗത്ത് എന്ത് മാറ്റമാണ് പ്രതീക്ഷിക്കുന്നത് എന്ന് അറിയിക്കുമോ?

## വൈദ്യുതി ഉപഭോഗത്തിലും ഉത്പാദനത്തിലും ഉണ്ടായ വർധനവ്

3407. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിലും ഉത്പാദനത്തിലും ഉണ്ടായ വർധനവ് എത്രയാണ്; വിശദാക്കാമോ ;

(ബി) പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് ഉത്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് ലഭ്യമാക്കാമോ ;

(സി) കാറ്റിൽ നിന്നും മറ്റ് പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദനം ലഭ്യമാക്കാൻ സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതികൾ

3408. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിനായുള്ള പദ്ധതികൾ പ്രകാരം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ സാധിച്ചു. വർഷം , വൈദ്യുതി അളവ് എന്നിവ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം ഓരോ വർഷവും എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ സാധിച്ചു. വർഷം വൈദ്യുതി അളവ് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ?

വൈദ്യുതി ഉല്പാദനത്തിനായി കമ്പനി

3409. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വൈദ്യുതി ഉല്പാദനത്തിനായി ഒരു കമ്പനി സർക്കാർ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽപ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുടിവെള്ള വിതരണ പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജിൽ ഇളവ് നല്കൽ

3410. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾക്കും എസ്. സി., എസ്.ടി കോളനികളിലെ ചെറുകിട കുടിവെള്ള വിതരണ പദ്ധതികൾക്കും വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടിവെള്ള വിതരണ പദ്ധതികൾക്ക് വൈദ്യുതിചാർജ്ജ് ഇളവ്

അനുവദിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

## കാറ്റിൽ നിന്നും വൈദ്യുതി

3411. **ശ്രീ.കെ.അച്ചുതൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, കെ.മുരളീധരൻ**
**,, പി.സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## വൈദ്യുതി വകുപ്പ് പ്രഖ്യാപിച്ച പദ്ധതികൾ

3412. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതിരുന്ന സാഹചര്യം വിശദമാക്കാമോ?

## ജലവൈദ്യുത പദ്ധതികൾ

3413. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ട്, ചാത്തൻകോട്ട, കല്ലാർ, അരിപ്പാറ, വാളൻതോട്, മാരിപ്പുഴ, തോണിയാർ, തൊമ്മൻകുത്ത് എന്നീ ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തികൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(ബി) ബ്രഹ്മപുരത്തെ 1026 മെഗാവാട്ട് വാതകാധിഷ്ഠിത പദ്ധതിയുടെയും പുതുവൈപ്പിനിൽ കെ.എസ്.ഇ.ബി., പെട്രോനെറ്റ് എന്നിവയുടെ സംയുക്ത സംരംഭമായ 1200 മെഗാവാട്ട് പദ്ധതിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദീകരിക്കുമോ;

(സി) സാങ്കേതികാധിഷ്ഠിത പദ്ധതികളായ സ്മാർട്ട് ഗ്രിഡ്, പ്രീപെയ്ഡ് മീറ്റർ, ഓട്ടോമേറ്റഡ് മീറ്ററിംഗ് സിസ്റ്റം എന്നിവ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന</u>

3414. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സമർപ്പിച്ച ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടങ്കൽ എത്രയാണെന്ന് അറിയിക്കുമോ; ഇതിൽ കണ്ണൂർ ജില്ലയ്ക്കായി ആകെ വകയിരുത്തിയ തുക എത്രയെന്നും ഏതെല്ലാം ഘടകങ്ങൾക്കാണ് പ്രസ്തുത തുക വകയിരുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനം സമർപ്പിച്ച പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥയെന്തെന്നു അറിയിക്കുമോ;

(ഡി) പ്രോപ്പോസലിനു അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രൊജക്ട് എന്ന് ആരംഭിക്കാൻ കഴിയുമെന്നു അറിയിക്കുമോ?

<u>വൈദ്യുതി പദ്ധതികളുടെ നവീകരണം</u>

3415. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പദ്ധതികളുടെ നവീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നവീകരണത്തിനായി ഈ സർക്കാർ എത്ര തുക ചെലവിട്ടു;

(സി) നവീകരണത്തിന്റെ ഫലമായി വൈദ്യുതി ഉൽപ്പാദനത്തിൽ കൈവരിച്ച മാറ്റം വിശദമാക്കുമോ?

<u>സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന നിയോജകമണ്ഡലങ്ങൾ</u>

3416. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടന്ന നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) ശേഷിക്കുന്ന നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ജോലിക്കിടെ അപകടത്തിൽ മരിച്ചിട്ടുള്ളവർ</u>

3417. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലര വർഷത്തിൽ സംസ്ഥാനത്ത് ജോലിക്കിടെ അപകടത്തിൽ മരണമടഞ്ഞ വൈദ്യുതി ബോർഡ് ജീവനക്കാരും കരാർ തൊഴിലാളികളും എത്ര ;

(ബി) ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികൾ</u>

3418. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഊർജ്ജ വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുകയും വ്യക്തമാക്കാമോ?

<u>കൊട്ടാരക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം</u>

3419. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു എന്ന് സെക്ഷൻ തിരിച്ച് വിശദമാക്കുമോ;

(ബി) വോൾട്ടേജ് ക്ഷാമം മൂലം പ്രയാസപ്പെടുന്ന ഏതെല്ലാം പ്രദേശങ്ങളിൽ ഇനി ട്രാൻസ്ഫോർമർ സ്ഥാപിക്കാനുണ്ടെന്ന് വിശദമാക്കുമോ;

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദമാക്കുമോ?

<u>കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ</u>

3420. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ എത്ര സബ് സ്റ്റേഷനുകളാണ് ഈ കാലയളവിൽ അനുവദിച്ചതെന്ന് അറിയിയ്ക്കുമോ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കാഞ്ഞങ്ങാട് മിനി വൈദ്യുതി ഭവൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>വോൾട്ടേജ് ക്ഷാമം</u>

3421. **ശ്രീ.സി.മമ്മൂട്ടി**

**,, വി.എം.ഉമ്മർ മാസ്റ്റർ**

**,, കെ.മുഹമ്മദുണ്ണി ഹാജി**

**,, കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര കേരളത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടികൾ സ്ഥിതിഗതികളിൽ എത്രത്തോളം മാറ്റമുണ്ടാക്കിയിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) അപ്രതീക്ഷിതമായി വൈദ്യുതി വിതരണം നിലയ്ക്കുമ്പോൾ, ഉടനടി പുനഃസ്ഥാപിക്കാൻ കഴിയും വിധം വിതരണ ശൃംഖല ആധുനീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം ശ്രദ്ധിക്കുമോ?

<u>സോളാർഹൗസ് പദ്ധതി</u>

3422. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനായിരം വീട്ടുകളിലെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന 'സോളാർ ഹൗസ്'എന്ന പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് പ്രഖ്യാപിച്ചത്;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കി വച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എത്ര കിലോ വാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ?

## സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

3423. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ നടപ്പിലാക്കിത്തുടങ്ങിയ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി ഈ സർക്കാർ തുടരുന്നുണ്ടോ ; ഈ ഇനത്തിൽ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയെന്ന് പറയാമോ;

(ബി) എല്ലാ വീട്ടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നുണ്ടോ; എങ്കിൽ ഇത് കൈവരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ;

(സി) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും ലൈൻ വലിക്കുന്നതിനും ഉള്ള നടപടികൾ ലഘൂകരിച്ചു കൊണ്ടും കാലവിളംബം ഒഴിവാക്കിക്കൊണ്ടും ഈ സർക്കാർ നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കാമോ?

## കൊട്ടാരക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ

3424. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായി എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും എത്ര ലൈൻ കൺവേർഷൻ നടത്തിയെന്നും വിശദമാക്കുമോ;

(സി) ആയതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ?

<u>കൊട്ടാരക്കര മണ്ഡലത്തിന്റെ പരിധിയിലുള്ള ഇലക്ട്രിക്കൽ ഡിവിഷനുകൾ</u>

3425. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഏതൊക്കെ ഇലക്ട്രിക്കൽ ഡിവിഷനുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഡിവിഷനുകളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതൊക്കെയാണ്; ടി തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പറമ്പിൽപീടിക ഇലക്ട്രിക്കൽ സെക്ഷൻ രൂപീകരണം</u>

3426. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പറമ്പിൽപീടിക ആസ്ഥാനമാക്കി ഒരു ഇലക്ട്രിക്കൽ സെക്ഷൻ ആരംഭിയ്ക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതിയെന്താണ് എന്നറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഒരു സെക്ഷൻ ആരംഭിക്കുന്നതിന് എന്ത് ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സെക്ഷൻ രൂപീകരണം ഏത് തീയതിയിൽ നടപ്പിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

<u>സംസ്ഥാനത്തിനകത്തു വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സാദ്ധ്യതകൾ</u>

3427. **ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, ജെയിംസ് മാത്യു**
**,, കെ.സുരേഷ് കുറുപ്പ്**
**,, കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തു തന്നെ വൈദ്യുതി ഉല്പാദിപ്പിക്കാവുന്ന സാദ്ധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്താൻ ഈ സർക്കാരിന്റെ കാലയളവിൽ സാധിച്ചിട്ടുണ്ടോ;

(ബി) സൗരോർജ്ജത്തിൽ നിന്നും കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യതകളുടെ എത്ര ശതമാനം ഉപയോഗപ്പെടുത്താൻ സാധിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൈദ്യുതി പ്രതിസന്ധി മൂലം ഉപഭോക്താവിന് അധിക ബാദ്ധ്യത വരുത്തേണ്ട സാഹചര്യം ഉണ്ടാകുമ്പോഴും സംസ്ഥാനത്തുള്ള ഉല്പാദന സാദ്ധ്യത ഉപയോഗിക്കാൻ സാധിക്കാത്തത് അലംഭാവമാണെന്ന ആക്ഷേപത്തോടുള്ള നിലപാട് വ്യക്തമാക്കുമോ?

<u>വൈദ്യുതീകരിക്കാത്ത കോളനികൾ</u>

3428. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി കോളനികളുടെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

<u>പിറവം റോഡ് മുതൽ ചെങ്ങന്നൂർ വരെയുള്ള റെയിൽപാത ഇരട്ടിപ്പിക്കൽ</u>

3429. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം റോഡ് മുതൽ ചെങ്ങന്നൂർ വരെയുള്ള റെയിൽപാതയുടെ ഇരട്ടിപ്പിക്കൽ ജോലികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പിറവം റോഡ് - ചെങ്ങന്നൂർ റെയിൽപാത ഇരട്ടിപ്പിക്കൽ ജോലി എത്ര ഘട്ടങ്ങളായാണ് പൂർത്തിയാക്കുന്നതെന്നും പ്രസ്തുത പ്രവർത്തികൾ എന്ന് പൂർത്തിയാക്കാനാവുമെന്നും വിശദമാക്കാമോ;

(സി) പിറവം റോഡ് - ചെങ്ങന്നൂർ റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഏറ്റുമാന്നൂർ - ചിങ്ങവനം പാത ഇരട്ടിപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടം വരെയായെന്ന് വെളിപ്പെടുത്തുമോ?

<u>വയനാട് ജില്ലയിൽ റെയിൽവേ</u>

3430. **ശ്രീ.കെ.എൻ.എ.ഖാദർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ റെയിൽവേ ആരംഭിക്കുന്നതിനുള്ള ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; ഇത് തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് എന്തെല്ലാം സഹായമാണ് സംസ്ഥാനം കേന്ദ്രത്തിന് ഉറപ്പ് നൽകിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമോ?

<u>ഗുരുവായൂർ - തിരുവനന്തപുരം ട്രെയിൻ</u>

T 3431. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്നും ചികിത്സയ്ക്കായി തിരുവനന്തപുരത്തെത്തുന്ന രോഗികളുടെ യാത്രാ സൗകര്യത്തിനായി ഗുരുവായൂരിൽ നിന്ന് തിരുവനന്തപുരത്തേയ്ക്കോ, തിരുവനന്തപുരം വഴി മറ്റ് ഇടങ്ങളിലേയ്ക്കോ ഒരു ട്രെയിൻ കൂടി അനുവദിക്കുന്നതിന് റെയിൽവേയിൽ സമ്മർദ്ദം ചെലുത്താമോ?

<u>നീലേശ്വരം റെയിൽവേ സ്റ്റേഷനിലെ ഫുട്ട് ഓവർ ബ്രിഡ്ജ്</u>

T 3432. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീലേശ്വരം റെയിൽവേ സ്റ്റേഷനിലെ നിർമ്മാണത്തിലിരിക്കുന്ന ഫുട്ട് ഓവർ ബ്രിഡ്ജ്, ഗുഡ്സ് ട്രാക്കിനു മുകളിലൂടെ മറുഭാഗത്തേക്ക് നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) നിലവിൽ നിർമ്മാണത്തിലിരിക്കുന്ന ഫുട്ട് ഓവർ ബ്രിഡ്ജ് മറുഭാഗത്തേക്ക് നീട്ടുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>മാവേലിക്കര ഭരണിക്കാവ് കുടിവെള്ള പദ്ധതി</u>

3433. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഭരണിക്കാവ് (കാണിക്കാട്) കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റെയിൽവെയുടെ അനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത അനുമതി അടിയന്തരമായി ലഭ്യമാക്കുമോ;വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## ഗുരുവായൂർ - ചെന്നൈ എഗ്മോർ എക്സ്പ്രസ്സിലെ യാത്രാസൗകര്യം

T 3434. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ നിന്ന് തിരുവനന്തപുരം, ആർ.സി.സി., ശ്രീചിത്ര മുതലയായ ആശുപത്രികളിലേയ്ക്ക് ചികിത്സയ്ക്കായി വളരെയധികം ആളുകൾ എത്തുന്നവരിൽ ഏറിയ പങ്കും തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്കായി ആശ്രയിക്കുന്ന ഗുരുവായൂർ ചെന്നൈ എഗ്മോർ നമ്പർ 16128 എക്സ്പ്രസ്സിൽ മിക്കവാറും ദിനങ്ങളിൽ വളരെയധികം രോഗികൾ ഉൾപ്പടെയുള്ളവർ റിസർവ്വേഷൻ ലഭിക്കാതെ കഷ്ടപ്പെടുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ട്രെയിനിന്റെ 24 ബോഗികളിൽ 17 എണ്ണം മാത്രം കേരളത്തിൽ എത്തുന്നതിനാലുള്ള പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി, മുഴുവൻ ബോഗികളും കേരളത്തിൽ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഗുരുവായൂർ റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോം

T 3435. ശ്രീ.കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ റെയിൽവേ സ്റ്റേഷനിലെ മൂന്നാമത്തെ പ്ലാറ്റ് ഫോം നിർമ്മാണം പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന് മതിയായ തുക റെയിൽവേ വകയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## അങ്കമാലിയിൽ നിന്നും ശബരിമലയിലേയ്ക്ക് റെയിൽവേ ലൈൻ

3436. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ നിന്നും ശബരിമലയിലേയ്ക്ക് റെയിൽവേ ലൈൻ ആരംഭിക്കുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതേവരെ

നടത്തിയിട്ടുള്ളത്;

(ബി) ഇതിനായി സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരിക; ഇതിൽ വനം വകുപ്പിന്റേയോ പെരിയാർ ടൈഗർ റിസർവ്വിന്റേയോ ഭൂമി ഉൾപ്പെടുന്നുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമിയാണ് ഇങ്ങനെ ഏറ്റെടുക്കേണ്ടി വരുക; ഭൂമി വിട്ടുകിട്ടുന്നതിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(സി) എരുമേലിയിൽ നിന്നും പ്രസ്തുത ലൈൻ പുനലൂരിലേയ്ക്ക് നീട്ടുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി മിഷൻ 2030 -ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

## മലിനീകരണ നിയന്ത്രണ ബോധവല്ക്കരണം

3437. ശ്രീ.ജോസഫ് വാഴയ്ക്കൻ
,, എ.പി.അബ്ദുള്ളക്കുട്ടി
,, വി.ഡി.സതീശൻ
,, ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനീകരണ നിയന്ത്രണത്തെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് മലിനീകരണ നിയന്ത്രണ ബോർഡ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കേരളത്തിലെ മലിനീകരണ തോത്

3438. ശ്രീ.കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മലിനീകരണ തോത് വർദ്ധിച്ചു കൊണ്ടിരിയ്ക്കുകയാണെന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരളത്തിൽ വിവിധ തരത്തിലുള്ള മലിനീകരണ തോത് വർദ്ധിച്ചു വരുന്ന സ്ഥിതി വിശേഷം കുറയ്ക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

വിശദവിവരം നൽകുമോ?

## പരിസരമലിനീകരണം

T 3439. ശ്രീ.എളമരം കരീം

,, എ.കെ.ബാലൻ

,, ബി.ഡി. ദേവസ്സി

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായിക്കൊണ്ടിരിക്കുന്ന പരിസര മലിനീകരണം നേരിടുന്നതിൽ പരാജയപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കര-ജല-വായു മലിനീകരണ പ്രശ്നങ്ങൾ നിയന്ത്രണ വിധേയമാണോ ; ഈ രംഗത്ത് കൈവരിച്ചിരുന്ന നേട്ടങ്ങൾ മലിനീകരണ പ്രശ്നം മൂലം തകിടം മറിഞ്ഞുകൊണ്ടിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ രംഗത്ത് കർമ്മപരിപാടികൾ ആവിഷ്കരിക്കുന്നതിൽ വീഴ്ചകൾഉണ്ടായിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ ശ്രമിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് പ്രാവർത്തികമാക്കാൻ കഴിയുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വിദ്യാർത്ഥികൾക്കായുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ പദ്ധതികൾ

3440. ശ്രീ.കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, ലൂഡി ലൂയിസ്

,, എ.പി.അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനും മാലിന്യ സംസ്കരണത്തിൽ തത്പരരാക്കുന്നതിനും മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര

3441. ശ്രീ.സി.പി.മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര പോലുള്ള നടപടികൾ സഹകരണ വകുപ്പിലേയ്ക്ക് വ്യാപിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) വായ്പക്കാരൻ ലോൺ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനു പകരം വായ്പ നൽകുമ്പോൾ മുൻകൂറായി വാങ്ങുന്ന ബ്ലാങ്ക് ചെക്ക് ലീഫുകളിൽ ഭീമമായ തുകയെഴുതി വണ്ടി ചെക്കാക്കി നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്റ്റിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്ത് ചെക്ക് കേസുകൾ ഫയൽ ചെയ്തു വരുന്നതു തടയാൻ നടപടി സ്വീകരിക്കാമോ;

(സി) ഇതു സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർക്ക് എത്ര പരാതി ലഭിച്ചുവെന്നും ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്താമോ?

## പദ്ധതി പ്രവർത്തനങ്ങൾ

3442. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
,, പി.എ.മാധവൻ
,, ടി.എൻ. പ്രതാപൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ വകുപ്പ് പദ്ധതി പ്രവർത്തനത്തിൽ നേട്ടം കൈവരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ നിയമനം

3443. ശ്രീ.റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തുടങ്ങിയ തസ്തികയിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരിൽ നിന്നും വകുപ്പുതല ഉദ്യോഗകയറ്റത്തിലൂടെ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിൽ നിയമനത്തിന് മതിയായ യോഗ്യത നേടിയ ജീവനക്കാരുടെ അഭാവത്തിൽ 2008-2011 കാലയളവിൽ നിലനിന്നിരുന്ന കേരള പി.എസ്.സി തയ്യാറാക്കിയ 14.7.2008ലെ

കാറ്റഗറി നമ്പർ 006/2006 ആയ 151/08/SS VI, എന്ന റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളിൽ നിന്നും കേരളാ ഹൈക്കോടതി ഉത്തരവിൻ പ്രകാരം ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ടോ;

(ബി) സഹകരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്, ഇൻസ്പെക്ഷൻ മുതലായ കർത്തവ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വേണ്ടി, മുൻകാല റാങ്ക് ലിസ്റ്റിൽ ഗവൺമെന്റ് കൈക്കൊണ്ട നടപടിക്രമങ്ങൾ ടി റാങ്ക് ലിസ്റ്റിനും ബാധകമാക്കുന്നതിന് നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(സി) സഹകരണ വകുപ്പ് പുന:സംഘടിപ്പിച്ച് കാര്യശേഷി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## സി.എ.പി.ഇ ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ

3444. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എ.പി.ഇ ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ കരാർ, ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളിൽ എത്ര പേരെ സ്ഥിരപ്പെടുത്തുന്നു; അവരുടെ പേരും, തസ്തികയും, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും വ്യക്തമാക്കാമോ;

(ബി) സി.എ.പി.ഇ ക്ക് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മാനദണ്ഡം എന്തെന്നു വിശദമാക്കാമോ;

(സി) ഇപ്പോൾ സി.എ.പി.ഇ യിൽ എഴുത്തു പരീക്ഷ കഴിഞ്ഞ് ഇന്റർവ്യൂ നടത്തുന്ന വിവിധ തസ്തികകൾ ഈ സ്ഥിരപ്പെടുത്തുന്നവയിൽ ഉൾപ്പെടുമോ; എങ്കിൽ എഴുത്തു പരീക്ഷയ്ക്കും ഇന്റർവ്യൂവിനും പങ്കെടുത്ത ഉദ്യോഗാർത്ഥികളെ ഇത് പ്രതികൂലമായി ബാധിക്കുമോ ?

## കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

3445. **ശ്രീ.ഇ.ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ ഭരണകാലത്ത് കാസർഗോഡ് ജില്ലയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കി; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എത്ര തുകയുടെ ആനുകൂല്യം ഇതുവഴി ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

## നീതി മെഡിക്കൽ സ്റ്റോറുകൾ

3446. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു; കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നു; വ്യക്തമാക്കാമോ;

(ബി) നീതി മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാരുടെ ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) സഹകരണ സംഘം ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചപ്പോൾ നീതി മെഡിക്കൽ സ്റ്റോർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചതിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘത്തിന് സാമ്പത്തിക സഹായം

T 3447. **ശ്രീ.എം.വി.ശ്രേയാംസ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരള ഗവൺമെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘ (ക്ലിപ്തം നമ്പർ റ്റി .732) ത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ ആയത് എന്ത് ആവശ്യത്തിനെന്ന് വ്യക്തമാക്കുമോ?

## സഹകരണ വകുപ്പ് പ്രഖ്യാപിച്ച നടപ്പാക്കാൻ കഴിയാതെപോയ പദ്ധതികൾ

3448. **ശ്രീ.കെ.കെ.ജയചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തത് എന്തുകൊണ്ട്; വിശദീകരിക്കാമോ?

<u>സഹകരണ മേഖല</u>

3449. ശ്രീ.പി.സി വിഷ്ണുനാഥ്
,, ടി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, വർക്കല കഹാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിലെ മാനവശേഷി വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>സഹകരണ സംഘം നിയമത്തിൽ ഭേദഗതി</u>

3450. ശ്രീ.കെ.ശിവദാസൻ നായർ
,, ഹൈബി ഈഡൻ
,, പി.എ.മാധവൻ
,, തേറമ്പിൽ രാമകൃഷ്ണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ സംഘം നിയമത്തിൽ എന്തെല്ലാം സമഗ്ര ഭേദഗതികളാണ് വരുത്തിയത് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഭേദഗതികൾ നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>പുതിയ സഹകരണ സംഘങ്ങൾ</u>

3451. ശ്രീ.ജി.സുധാകരൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അമ്പലപ്പുഴ മണ്ഡലത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങളുടെ വിശദാംശം നൽകുമോ;

(ബി) സഹകരണ നിയമങ്ങൾ പാലിക്കാതെ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, അതു പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

സഹകരണ മേഖലയുടെ ആധുനീകരണം

3452. ശ്രീ.ബെന്നി ബെഹനാൻ
,, എം.പി.വിൻസെൻറ്
,, ലൂഡി ലൂയിസ്
,, വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആധുനീകരണത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികൾ

3453. ശ്രീ.വി.പി.സജീന്ദ്രൻ
,, അൻവർ സാദത്ത്
,, ലൂഡി ലൂയിസ്
,, എ.റ്റി.ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിലെ പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

സഹകരണ മേഖലയിൽ നിന്നുള്ള വിദ്യാഭ്യാസ വായ്പകൾ

3454. ശ്രീ.തോമസ് ഉണ്ണിയാടൻ
,, സി.എഫ്.തോമസ്
,, റ്റി.യു. കുരുവിള
,, മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിന്നും വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കൂടുതൽ കോഴ്സുകൾക്ക് വായ്പ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) സഹകരണ മേഖലയിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുമോ; എങ്കിൽ ഘടനയെക്കുറിച്ച് വിശദമാക്കാമോ?

<u>സഹകരണ അക്കാദമിക് കോഴ്സുകൾ</u>

3455. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ അക്കാദമിക് കോഴ്സുകളിലെ പ്രവേശന യോഗ്യത വിശദമാക്കാമോ;

(ബി) ജെ.ഡി.സി കോഴ്സിന്റെ പ്രവേശന യോഗ്യത കൂട്ടാൻ നടപടി സ്വീകരിക്കുമോ;

<u>സഹകരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ</u>

3456. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സഹകരണ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങൾക്ക് ബാങ്കിംഗ് സംവിധാനത്തോടെ ഇടപാടുകൾ നടത്താൻ അനുവാദം നൽകിയിട്ടുണ്ടോ;

(സി) പ്രാഥമിക സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്ന പരിധിക്കുള്ളിൽ ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിലൂടെ ബാങ്കുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സഹകരണ ബാങ്കുകളുടെ പരിധിയിൽ പുതിയ സഹകരണ സ്ഥാപനങ്ങൾക്കോ അവയുടെ ശാഖകൾക്കോ രജിസ്ട്രേഷൻ നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോ?

<u>സഹകരണ ബാങ്കുകൾക്ക് നഷ്ടപ്പെടുന്ന ഇളവുകൾ</u>

3457. ശ്രീ.എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സമ്പദ് വ്യവസ്ഥയ്ക്ക് താങ്ങും തണലുമായ് പ്രവർത്തിച്ചു വരുന്ന സഹകരണ ബാങ്കുകൾക്ക് നികുതി ഇനത്തിലും, ഫീസിനത്തിലും ലഭ്യമായിരുന്ന ഇളവുകൾ നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സഹകരണ സംഘവും അതിലെ മെമ്പറും തമ്മിൽ നടത്തുന്ന വസ്തു

ഇടപാടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) എന്നു മുതലാണ് സ്റ്റാമ്പ് ഡ്യൂട്ടി ഈടാക്കി തുടങ്ങിയത്; അതിനായി പ്രത്യേക ഉത്തരവ് നല്കിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്ന സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം

3458. ശ്രീ.ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്ന സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

മൊബൈൽ ത്രിവേണി സ്റ്റോറുകൾ

3459. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ ബോഡി നിർമ്മാണം നടത്തിയത് ഏതു സ്ഥാപനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആയതു സംബന്ധിച്ച് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നോ;

(സി) എങ്കിൽ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഓഡിറ്റ് കുടിശ്ശിക നിർമ്മാർജ്ജനം

3460. ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് ഓഡിറ്റ് കുടിശ്ശിക നിർമ്മാർജ്ജനം നടത്തിയ വകയിൽ എത്ര തുക ഇൻസെന്റീവായി ചെലവഴിച്ചുവെന്നും ഇൻസെന്റീവ് നൽകിയതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സർക്കാർ ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവ് നൽകുന്നതിന്

നിയമവ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പ്രസക്ത ഭാഗം ലഭ്യമാക്കുമോ?

മൊബൈൽ ത്രിവേണികൾ

3461. ശ്രീ.വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 141 മൊബൈൽ ത്രിവേണികൾ വാങ്ങുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നോ;

(ബി) എങ്കിൽ ആയവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

പരമ്പരാഗത ഗ്രാമവ്യവസായ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

3462. ശ്രീ.പി.എ.മാധവൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.ഡി.സതീശൻ

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത ഗ്രാമവ്യവസായ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ

3463. ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര സഹകരണ സ്ഥാപനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ സ്വഭാവം തിരിച്ച് ഏതെല്ലാം സംഘങ്ങളാണെന്ന് വ്യക്തമാക്കാമോ?

## കൺകറന്റ് ഓഡിറ്റർമാർക്ക് ഇൻസെന്റീവ്

3464. **ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് നടപ്പാക്കിയ ഓഡിറ്റ് കുടിശ്ശിക നിർമ്മാർജ്ജനത്തിൽ കൺകറന്റ് ഓഡിറ്റർമാർക്ക് ഇൻസെന്റീവ് നൽകാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പരാതികൾ സംബന്ധിച്ച് തീരുമാനം എടുത്ത് കൺകറന്റ് ഓഡിറ്റർമാർക്കും ഇൻസെന്റീവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നത്

3465. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്ക് മുതൽ പ്രാഥമിക സഹകരണ ബാങ്ക് വരെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നത് സംബന്ധിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; എന്ത് തുക ബാങ്കുകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്;

(സി) സർക്കാർ പ്രഖ്യാപിച്ച തുക ബാങ്കുകൾക്ക് കൈമാറ്റം ചെയ്യാത്ത കാരണത്താൽ വായ്പാക്കാരുടെ പേരിൽ റിക്കവറി നടപടികൾ നടത്തുകയും പണയാധാരങ്ങൾ തിരികെ നൽകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ സർക്കാർ ഉത്തരവ് അനുസരിച്ച് പ്രഖ്യാപിച്ച ആനുകൂല്യം വായ്പക്കാർക്ക് ലഭ്യമാകാതിരുന്ന സാഹചര്യം വിശദമാക്കാമോ?

## അടിമാലിയിലെ വിദേശ മദ്യ ഷാപ്പ്

3466. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിനു കീഴിലുള്ള അടിമാലിയിലെ വിദേശ മദ്യ ഷാപ്പ് അഗ്നിക്കിരയായതു സംബന്ധിച്ച് കൺസ്യൂമർഫെഡ് അധികൃതർ പോലീസിൽ പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ നാളിതുവരെ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയാമോ: വിശദമാക്കാമോ?

<u>സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ</u>

3467. ശ്രീ.സി.ദിവാകരൻ
,, കെ.രാജു
ശ്രീമതി.ഇ.എസ്.ബിജിമോൾ
ശ്രീ.ജി.എസ്.ജയലാൽ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൊസൈറ്റീസ് ആക്ട് പ്രകാരം സഹകരണ രജിസ്ട്രാർ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ബാങ്കിംഗ് റഗുലേഷൻ ആക്ട് അനുസരിച്ച് സംസ്ഥാനത്ത് എത്ര അർബൻ ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്; ഈ ആക്ടിന് അനുസൃതമല്ലാതെ പ്രവർത്തിക്കുന്ന അർബൻ ബാങ്കുകളുണ്ടോ; എങ്കിൽ എത്ര;

(സി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ കടലാസ് സഹകരണ സംഘങ്ങൾ ഉള്ളതായി സഹകരണ വിജിലൻസ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇത്തരം കടലാസ് സഹകരണ സംഘങ്ങൾ സർക്കാരിന് നഷ്ടമുണ്ടാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര?

<u>സഹകരണമേഖലയിലെ സേവനാവകാശ നിയമം</u>

3468. ശ്രീ.സി.പി.മുഹമ്മദ്
,, ടി.എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണമേഖലയിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ലാഭകരമല്ലാത്ത നന്മ-ത്രിവേണി സ്റ്റോറുകൾ</u>

3469. **ശ്രീമതി.പി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ ലാഭകരമല്ലാത്ത നന്മ-ത്രിവേണി സ്റ്റോറുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സബ്സ്ഡി ഇനത്തിൽ സർക്കാർ കൺസ്യൂമർ ഫെഡിന് എത്ര തുക നൽകാനുണ്ട്; ആയതിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

<u>സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ</u>

3470. **ശ്രീ.വി.ശിവൻകുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ഉണ്ട്;

(ബി) അവയിൽ എത്ര എണ്ണം ഇപ്പോഴും പ്രവർത്തനക്ഷമമാണ്;

(സി) ഏതെങ്കിലും നിയോജകമണ്ഡലത്തിൽ ഒന്നിൽ കൂടുതൽ മൊബൈൽ ത്രിവേണികൾ ഉണ്ടോ;

(ഡി) എങ്കിൽ ആയത് ഏത് നിയോജകമണ്ഡലത്തിൽ ആണ്;

(ഇ) എന്തുകൊണ്ടാണ് പ്രസ്തുത നിയോജകമണ്ഡലത്തിൽ ഒന്നിൽ കൂടുതൽ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചു നൽകിയതെന്നും മറ്റുള്ള 139 നിയോജകമണ്ഡലങ്ങളെ അപേക്ഷിച്ച് ടി മണ്ഡലത്തിന് ആയത് അനുവദിക്കപ്പെടാനുള്ള പ്രത്യേകത എന്തെന്നും വ്യക്തമാക്കുമോ?

<u>ചുമട്ടുതൊഴിലാളി സഹകരണ സംഘത്തിലെ ദിവസ വേതനാടിസ്ഥാനത്തിലുള്ള നിയമനം</u>

3471. **ശ്രീ.സി.പി.മുഹമ്മദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘത്തിൽ പണാപഹരണം നടത്തിയതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് അന്വേഷണം നടത്തി കേസ്സ് ഫയൽ ചെയ്യുകയും തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിക്കുകയും ചെയ്ത വ്യക്തിയെ ടി 1340-ാം നമ്പർ ജില്ലാ ചുമട്ടുതൊഴിലാളി സഹകരണ സംഘത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിജിലൻസ് കോടതി ശിക്ഷിച്ച ബഹു. ഹൈക്കോടതി അപ്പീലിൽ ജാമ്യത്തിൽ നിൽക്കുന്നതും സംഘത്തിൽ ജോലി ചെയ്യുവാനുള്ള പ്രായപരിധി കഴിഞ്ഞതുമായ

പ്രസ്തുത വ്യക്തിക്ക് നിയമ വിരുദ്ധമായി നിയമനം നൽതിയ ടി. 1340-ാം നമ്പർ ചുമട്ടുതൊഴിലാളി സഹകരണസംഘം ഭാരവാഹികൾക്കെതിരെ സഹകരണനിയമ പ്രകാരം സർചാർജ് ഉൾപ്പെടെയുള്ള നിയമ നടപടി സ്വീകരിക്കാൻ സർക്കാർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ; ഇതു സംബന്ധിച്ച് ലഭിച്ച പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>കാർഷികമേഖലയിൽ സഹകരണമേഖലയിലൂടെ വായ്പ</u>

3472. ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കാർഷികമേഖലയിൽ എത്ര കോടി രൂപ സഹകരണമേഖലയിലൂടെ വായ്പ നൽകുകയുണ്ടായി; വിശദാംശം നൽകുമോ;

(ബി) നബാർഡിന്റെ സഹായത്താൽ എത്ര രൂപയുടെ കാർഷിക വായ്പകൾ സഹകരണമേഖലയിലൂടെ നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിൽ നിന്നും കൂടുതൽ നിക്ഷേപം തേടാൻ സഹകരണമേഖല എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകുമോ;

(ഡി) സർക്കാരിന്റെ കറന്റ്, സേവിങ്സ് നിക്ഷേപങ്ങൾ സംസ്ഥാന സഹകരണ ബാങ്കിലേക്ക് മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടുത്തിയോ; എങ്കിൽ സർക്കാർ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാന സഹകരണ ബാങ്കിന്റെ ഇടപാടുകൾ നിലവിൽ എത്ര കോടി രൂപ ആണെന്നും, എത്ര കോടി രൂപയുടെ അറ്റാദായം കൈവരിച്ചുവെന്നും; ബാങ്കിന്റെ മൂലധന പര്യാപ്തത ഇപ്പോൾ എത്ര കോടി രൂപയാണെന്നും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ ബാങ്കുകളെ ചേർത്ത് കേരളത്തിന് ഒരു ഏകോപിത സഹകരണ ബാങ്ക് എന്ന സംവിധാനം നിലവിൽ വരാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ജി) നിയമവിരുദ്ധമായ എല്ലാ സാമ്പത്തിക സ്ഥാപനങ്ങളും നിരോധിച്ച് പകരം സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ എന്തു നടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

<u>മിഷൻ **676** പദ്ധതി</u>

3473. ശ്രീ.സി.പി.മുഹമ്മദ്

,, ഹൈബി ഈഡൻ

,, പി.സി വിഷ്ണുനാഥ്

,, സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിലെ സ്ഥാപനങ്ങൾ</u>

3474. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത എത്ര വ്യവസായ സ്ഥാപനങ്ങളുണ്ട്; ഇവയിൽ പ്രവർത്തനക്ഷമമായിട്ടുള്ളവ എത്ര ;

(ബി) രജിസ്റ്റർ ചെയ്ത എത്ര സ്ഥാപനങ്ങൾ പൂട്ടിപ്പോയിട്ടുണ്ട്; എന്തൊക്കെ കാരണങ്ങളാലാണ് പൂട്ടിപ്പോയത്;

(സി) ഇവയുടെ പുനരുദ്ധാരണത്തിനായി എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഖാദി ഗ്രാമവ്യവസായ വകുപ്പ് തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) ഏതൊക്കെ മേഖലയിലെ സ്ഥാപനങ്ങൾക്കാണ് ഖാദി ഗ്രാമവ്യവസായ ബോർഡിൽ നിന്നും അനുമതി നൽകുന്നത്; പുതിയ കാലത്തിനനുസരിച്ച് പുതിയ സാങ്കേതിക വിദ്യകൾ ഉൾക്കൊള്ളിക്കുന്ന രീതിയിലുള്ള പദ്ധതികൾക്ക് സഹായം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള വ്യവസായത്തിന് പണം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ച</u>

3475. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**

,, എം.പി.വിൻസെൻറ്

,, വി.ഡി.സതീശൻ

,, എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ഖാദി-ഗ്രാമ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>കൈത്തറി സഹകരണ സംഘങ്ങളുടെ മറവിൽ തട്ടിപ്പ്</u>

3476. ശ്രീ.എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങളുടെ മറവിൽ വൻ തട്ടിപ്പ് നടക്കുന്നുണ്ടെന്ന് ലോകായുക്ത നിയോഗിച്ച അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ചേർന്ന് കൈത്തറി മേഖലയ്ക്ക് പ്രഖ്യാപിച്ച പുന:രുദ്ധാരണ പദ്ധതിയുടെ മറവിൽ തട്ടിപ്പ് നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(സി) ഒരു സംഘത്തിന്റെ പ്രവർത്തന മേഖലയിൽ സമാന സ്വഭാവമുള്ള സംഘം പാടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വിപരീതമായി പുന:രുദ്ധാരണ പദ്ധതിയിൽ ഉൾപ്പെട്ട 18 സംഘങ്ങളുടെയും പ്രവർത്തന മേഖല പരസ്പരം കൂടിച്ചേർന്നവയായിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു?

<u>ടാറസിന് കേരളത്തിൽ വ്യവസായം ആരംഭിക്കാൻ അനുമതി</u>

3477. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജർമൻ-അമേരിക്കൻ കമ്പനിയായ ടാറസിന് കേരളത്തിൽ എന്തു വ്യവസായം ആരംഭിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്;

(ബി) എവിടെയാണ് സ്ഥാപനം ആരംഭിക്കുന്നത്;

(സി) എത്ര രൂപയുടെ വിദേശനിക്ഷേപമാണ് ലക്ഷ്യമിടുന്നത്;

(ഡി) സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്; എത്രമാത്രം ഭൂമി കമ്പനിക്ക് സർക്കാർ നൽകിയിട്ടുണ്ട്;

(ഇ) എത്ര തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(എഫ്) കമ്പനി പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്?

<u>പൊതുമേഖലാ സ്ഥാപനങ്ങൾ</u>

3478. **ശ്രീ.ജി.സുധാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതിയ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചു; കഴിഞ്ഞ സർക്കാർ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പുതിയ പൊതുമേഖലാസ്ഥാപനങ്ങൾ ഏവ; അവയിൽ എത്ര എണ്ണം ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു; വ്യക്തമാക്കാമോ?

<u>ഇ-ടെണ്ടർ സംവിധാനം</u>

3479. **ശ്രീ.സണ്ണി ജോസഫ്**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, ജോസഫ് വാഴയ്ക്കൻ**
**,, അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഇ-പ്രൊക്യൂർമെന്റ് സംവിധാനം</u>

3480. **ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**,, അൻവർ സാദത്ത്**
**,, എം.പി.വിൻസെൻറ്**
**,, എ.റ്റി.ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-പ്രൊക്യൂർമെന്റ് സംവിധാനം ഏർപ്പെടുത്തിയതിന് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) അംഗീകാരങ്ങൾ ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ?

## പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങൾ

3481. **ശ്രീ.എ.കെ.ബാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതു മേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ പേരും ലാഭതുകയും എന്നു മുതലാണ് ലാഭത്തിലായതെന്നും വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ പേരും, നഷ്ടത്തിന്റെ കണക്കും എന്നുമുതലാണ് നഷ്ടത്തിലായതെന്നും വ്യക്തമാക്കുമോ;

(സി) നഷ്ടത്തെ തുടർന്ന് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചു പൂട്ടി; സ്ഥാപനത്തിന്റെ പേര്, അടച്ചു പൂട്ടിയ വർഷം, ആകെ നഷ്ടം എന്നിവ വ്യക്തമാക്കുമോ;

(ഡി) 2011 ൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; സ്ഥാപനത്തിന്റെ പേര്, ലാഭം എന്നിവ വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാർ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ പുതിയതായി തുടങ്ങി; അവയുടെ പേരും, നിലവിൽ ലാഭത്തിലാണോ നഷ്ടത്തിലാണോ എന്നും വ്യക്തമാക്കുമോ?

## ബിസ് കോയിൽ പ്രൊഡക്ഷൻ അസിസ്റ്റൻറ്

T 3482. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിസ് കോ സ്ഥാപനമായ ഹൈ ടെക് ഷീറ്റ് മാനുഫാക്ചറിംഗ് യൂണിറ്റിൽ പ്രൊഡക്ഷൻ അസിസ്റ്റൻറ് തസ്തികകയിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) ബിസ് കോയിൽ ഇപ്രകാരം ഒരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

## ഏകജാലക സംവിധാനം

3483. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ചെറുകിട വ്യവസായങ്ങളും സ്റ്റാർട്ട് അപ്പുകളും തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) കൂടുതൽ ചെറുകിട വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം വ്യാപകമാക്കുമോ;

(സി) സംസ്ഥാനത്ത് വ്യവസായ സംരംഭകർക്ക് ഇപ്പോൾ നല്കിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ഡി) സംസ്ഥാനത്തിന്റെ വ്യവസായിക വളർച്ചയ്ക്ക് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

<u>വൈക്കം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

3484. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിനു കീഴിൽ എന്തെല്ലാം പദ്ധതികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ചെറുകിട വ്യവസായ മേഖല</u>

3485. ശ്രീ.വി.ഡി.സതീശൻ

,, വർക്കല കഹാർ

,, തേറമ്പിൽ രാമകൃഷ്ണൻ

,, കെ.ശിവദാസൻ നായർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ മേഖലയിൽ വൈദഗ്ധ്യ വികസന പരിപാടികൾക്ക് എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ചെറുകിട വ്യവസായ മേഖലയിൽ സംരംഭകർക്ക് സഹായം നൽകാൻ കർമ്മപദ്ധതി</u>

3486. ശ്രീ.ഷാഫി പറമ്പിൽ

,, എ.പി.അബ്ദുള്ളക്കുട്ടി

,, വി.റ്റി.ബൽറാം

,, ആർ . സെൽവരാജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും

വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ മേഖലയിൽ സംരംഭകർക്ക് സഹായം നൽകാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ചെറുകിട വ്യവസായ യൂണിറ്റുകൾ</u>

3487. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിന് വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) അടച്ചുപൂട്ടിക്കിടക്കുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ പോരായ്മകൾ പരിഹരിച്ച് പുനർജീവിപ്പിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ചെറുകിട വ്യവസായരംഗത്ത് ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകൾ കാലാനുസൃതമായി പുതുക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും ഏതെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ വ്യവസായ വകുപ്പിന്റെ നിലവിലുള്ള ഓഫീസുകളിൽ എന്തെങ്കിലും മാർഗ്ഗമുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

<u>വ്യവസായ വകുപ്പിന് കീഴിൽ പുതുതായി രജിസ്റ്റർ ചെയ്ത കമ്പനികൾ</u>

3488. ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര കമ്പനികൾ പുതുതായി രജിസ്റ്റർ ചെയ്തു; ഇതു മൂലം സർക്കാരിന് ലഭിച്ച തുക എത്ര; വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ കമ്പനികൾ രജിസ്റ്റർ ചെയ്ത ജില്ലയും ഏറ്റവും കുറവ് ഏത് ജില്ലയാണെന്നും എത്ര വീതം കമ്പനികൾ ആണ് പ്രസ്തുത ജില്ലകളിൽ രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഈ കാലയളവിൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത കമ്പനികളുടെ

ആകെ മൂലധനം എത്ര കോടി രൂപ; ഇതിൽ 50 ലക്ഷത്തിലധികം മൂലധനം എത്ര കമ്പനികൾക്കുണ്ട് എന്നും വ്യക്തമാക്കുമോ;

(ഡി) രജിസ്റ്റർ ചെയ്തവയിൽ കമ്പ്യൂട്ടർ മേഖലയുമായി ബന്ധപ്പെട്ടവ, ഉല്പാദന മേഖലയുമായി ബന്ധപ്പെട്ടവ, ചിറ്റ് മേഖലയുമായി ബന്ധപ്പെട്ടവ, മൊത്ത വ്യാപാര/ചില്ലറ വ്യാപാര/സ്റ്റോക്ക്-ഷെയർ-സെക്യൂരിറ്റീസ് തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ടവ എന്നിങ്ങനെ എത്ര വീതമാണെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇക്കാലയളവിൽ ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട കമ്പനികളിലൂടെ നേരിട്ടും അല്ലാതെയും എത്ര പേർ ജോലി ചെയ്യുന്നു എന്നാണ് സർക്കാർ വിലയിരുത്തൽ; വിശദാംശം വ്യക്തമാക്കുമോ?

## കിൻഫ്ര ഏറ്റെടുത്ത പദ്ധതികൾ

3489. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പാലക്കാട് കഞ്ചിക്കോട് ലോകോത്തര നിലവാരമുള്ള തുണി വ്യവസായ പാർക്കിന്റെയും ഒറ്റപ്പാലത്തെ വ്യവസായ പാർക്കിന്റെയും കൊല്ലത്തെ കിൻഫ്ര ബിസിനസ്സ് പാർക്കിന്റെയും കാസർഗോഡ് ഉദുമയിലെ ചെറുകിട വ്യവസായ പാർക്കിന്റെയും എറണാകുളത്ത് ഐ.റ്റി.പി.ഒ . യുമായി ചേർന്ന് സ്ഥാപിക്കുമെന്ന് പറഞ്ഞ അന്താരാഷ്ട്ര കൺവെൻഷൻ സെന്റിറിന്റെയും പ്രവർത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) കളമശ്ശേരി ഹൈടെക് പാർക്ക്, ടെലികോം ഇൻകുബേറ്റർ, കിൻഫ്രാ ബയോടെക്നോളജി പാർക്ക്, നാനോടെക്നോളജി സെന്റർ എന്നിവയുടെ പ്രവർത്തികളും ഏത് ഘട്ടത്തിലായി എന്ന് വ്യക്തമാക്കുമോ?

## നിക്ഷേപക സൗഹൃദ സംഗമങ്ങൾ

3490. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിക്ഷേപക സൗഹൃദ അന്തരീക്ഷം സംജാതമാക്കുന്നതിനായി എത്ര നിക്ഷേപക സൗഹൃദ സംഗമങ്ങൾ നടത്തി; എപ്പോൾ; എവിടെ വച്ച് എന്ന് വ്യക്തമാക്കാമോ;

(ബി) നിക്ഷേപക സൗഹൃദ സംഗമങ്ങൾ നടത്തുന്നതിനായി ഓരോ വർഷത്തെയും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവഴിച്ച തുക എത്ര; വിശദാംശം

ലഭ്യമാക്കാമോ?

<u>കശുവണ്ടി വികസന കോർപ്പറേഷന്റെ ലാഭ നഷ്ടക്കണക്കുകൾ</u>

3491. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ ലാഭ നഷ്ടക്കണക്കുകളുടെ വിവരം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ കശുവണ്ടി വികസന കോർപ്പറേഷൻ ലാഭത്തിൽ പ്രവർത്തിച്ചിട്ടുണ്ടോ, എങ്കിൽ ഏതു വർഷമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കശുവണ്ടി വികസന കോർപ്പറേഷനെ സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നിലവിലുണ്ടോ എന്നും ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് അന്വേഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

<u>കാർഷിക മേഖലയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ</u>

3492. **ശ്രീ.പി.തിലോത്തമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ ആരംഭിച്ച ചെറുതും വലുതുമായ വ്യവസായങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി) കാർഷികോത്പാദനം മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് കൂടുതൽ ലാഭം ലഭിക്കുന്നതിനും കർഷകരുടെ കൂട്ടായ്മയിലും സർക്കാർ ചുമതലയിലും ആരംഭിക്കാവുന്ന ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ</u>

T 3493. **ശ്രീ.സി.ദിവാകരൻ :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ കോർപ്പറേഷന്റെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വ്യവസായ വകുപ്പ്

സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഓവർസീസ് ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ വിഭാഗം

3494. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സംരംഭകർക്ക്, പശ്ചിമേഷ്യാ തെക്ക്-കിഴക്കൻ ഏഷ്യാ, ആഫ്രിക്ക, ലാറ്റിൻ അമേരിക്ക എന്നിവിടങ്ങളിലെ നിക്ഷേപ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി കെ.എസ്.ഐ.ഡി.സി യുടെ കീഴിൽ തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഓവർസീസ് ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, ഇടുക്കി, കണ്ണൂർ എന്നിവിടങ്ങളിൽ രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ച ഇന്റഗ്രേറ്റഡ് ബിസിനസ് ഹബ്ബുകൾ ഏതെല്ലാം ജില്ലകളിൽ രൂപീകരിച്ചിട്ടുണ്ട്;ഇതിന്റെ പുരോഗതി എന്താണെന്നു വ്യക്തമാക്കുമോ?

പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ

3495. **ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് പുനരുജ്ജീവിപ്പിച്ച പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ എത്രയെണ്ണം ഇപ്പോൾ പൂട്ടിയിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

പൊതുമേഖലാ സ്ഥാപനങ്ങൾ

3496. **ശ്രീമതി.പി. അയിഷാ പോറ്റി**
**ശ്രീ.കെ.സുരേഷ് കുറുപ്പ്**
**,, റ്റി.വി.രാജേഷ്**
**,, പി.ശ്രീരാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലാഭകരമായിരുന്ന വ്യവസായ സ്ഥാപനങ്ങൾ സംരക്ഷിക്കാൻ സാധിച്ച് ചിട്ടുണ്ടോ ; കാരണം വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ അറ്റലാഭം എത്രയായിരുന്നു; ഇപ്പോൾ അവ നഷ്ടത്തിലേക്ക് മാറിയിട്ടുണ്ടോ;ഒടുവിലത്തെ അറ്റനഷ്ടം എത്രയാണ്?

## പൊതുമേഖലാ സ്ഥാപനങ്ങൾ

3497. **ശ്രീ.എ.കെ.ബാലൻ**

**,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

**,, കെ.കെ.നാരായണൻ**

**ശ്രീമതി.കെ.കെ.ലതിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടുന്ന ഉൽപന്നങ്ങൾ സംസ്ഥാനത്തുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനമായ കെല്ലിന്റെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെല്ലിൽ നിർമ്മിക്കുന്ന ട്രാൻസ്ഫോർമറുകൾ ഗുണനിലവാരമുള്ളതാണെന്ന് കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് വൈദ്യുതി ബോർഡിന് ആവശ്യമുള്ള ട്രാൻസ്ഫോർമറുകൾ സംസ്ഥാനത്തിനു പുറത്തുനിന്നുമാണോ വാങ്ങുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) വൈദ്യുതി ബോർഡിന് ആവശ്യമുള്ള ട്രാൻസ് ഫോർമറുകൾ കെല്ലിൽ നിന്നും വാങ്ങിയാൽ കെല്ലിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകമാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

## പരമ്പരാഗത വ്യവസായങ്ങൾ

T 3498. **ശ്രീ.സാജു പോൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വ്യവസായങ്ങളെയാണ് പരമ്പരാഗത വ്യവസായങ്ങളാക്കി അംഗീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇതിൽ ആകെ എത്ര പേർ ജോലി ചെയ്യുന്നുണ്ട്; ഇനം തിരിച്ച് അറിയിക്കുമോ;

(സി) ഇവർക്ക് പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകുമോ?

## ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിലെ പ്രൊമോഷൻ

3499. **ശ്രീ.എം.എ. വാഹീദ് :** താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.06.2015ലെ ജി.ഒ (ആർ.റ്റി) 611/2015/വ്യവ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ പ്രൊമോഷൻ നൽകിയപ്പോൾ സീനിയോറിറ്റി പരിഗണിക്കാതെ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഇൽമനൈറ്റ് ഇറക്കുമതി</u>

3500. ശ്രീ.എളമരം കരീം

,, ബി.സത്യൻ

,, പി.കെ.ഗുരുദാസൻ

പ്രൊഫ. സി.രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലയിലുള്ള വ്യവസായസ്ഥാപനങ്ങൾക്ക് ആവശ്യമായ ഇൽമനൈറ്റ് ഇറക്കുമതി ചെയ്യേണ്ടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ;

(ബി) പൊതുമേഖലയ്ക്ക് ആവശ്യമായ ഇൽമനൈറ്റ് ഉല്പാദിപ്പിക്കുന്നതിനുള്ള ധാതുക്കൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇൽമനൈറ്റ് ഇറക്കുമതി ചെയ്യേണ്ട സ്ഥിതി വരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) ഇറക്കുമതി ചെയ്യുന്ന ഇൽമനൈറ്റ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന അത്രയും ഗുണമേന്മയുള്ളതാണോ;

(ഇ) ഇല്ലെങ്കിൽ ഇതുപയോഗിച്ചുണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് ഗുണമേന്മയുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

<u>സംസ്ഥാനത്ത് കേന്ദ്രം പ്രഖ്യാപിച്ച വൻകിട വ്യവസായ പദ്ധതികൾ</u>

3501. ശ്രീ.പി.കെ.ഗുരുദാസൻ

,, കെ.കുഞ്ഞിരാമൻ (ഉദുമ)

,, കെ.കെ.നാരായണൻ

,, സി.കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രം പ്രഖ്യാപിച്ച വൻകിട വ്യവസായ പദ്ധതികളുടെ നിലവിലെ അവസ്ഥ പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവയിൽ പ്രവർത്തനം ആരംഭിക്കാത്തതും നാമമാത്രമായി പ്രവർത്തനം തുടങ്ങിയതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച ക്രിയാത്മക നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങൾ

3502. **ശ്രീ.സി.ദിവാകരൻ**

**,, ഇ.കെ.വിജയൻ**

**,, മുല്ലക്കര രത്നാകരൻ**

**,, വി.ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ നഷ്ടം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ അവസാനമായി ലാഭത്തിൽ പ്രവർത്തിച്ചത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾ നഷ്ടത്തിലാകാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

## ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സ്

3503. **ശ്രീ.എളമരം കരീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിൽ സ്റ്റീൽ ബില്ലറ്റ് ഉല്പാദനം നടക്കുന്നുണ്ടോ;

(ബി) 2014-15 വർഷത്തിൽ എത്ര ടൺ ഉല്പാദനം നടന്നു എന്ന് വ്യക്തമാക്കുമോ;

(സി) ബില്ലറ്റ് ഉല്പാദനം നിർത്തിവെക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) പുതുതായി സ്ഥാപിച്ച റീ-റോളിംഗ് മിൽ പൂർണ തോതിൽ പ്രവർത്തിച്ച് തുടങ്ങിയോ;

(ഇ) ഇതിനാവശ്യമായ ബില്ലറ്റ് എവിടുന്നാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## ഇൻഡസ്ട്രിയൽ പാർക്കുകളും, എസ്റ്റേറ്റുകളും

3504. **ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ പാർക്കുകളും, എസ്റ്റേറ്റുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പാർക്കുകളിലും എസ്റ്റേറ്റുകളിലും ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളോ സ്ഥലങ്ങളോ

നിലവിലുണ്ടോ ;എങ്കിൽ അവ എവിടെയെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെയുള്ള സ്ഥലങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

ട്രാവൻകൂർ റയോൺസിന്റെ ബാധ്യതകൾ തീർക്കാൻ നടപടി

3505. ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടച്ചുപൂട്ടിയ ട്രാവൻകൂർ റയോൺസിന്റെ ബാധ്യതകൾ തീർക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) 24/3/14 ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 42/2014/വ്യവ. പ്രകാരം സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കമോ?

മൈനിംഗ് & ജിയോളജി വകുപ്പിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ്മാരുടെ തസ്തികകൾ

3506. ശ്രീ.ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിന്റെ അഞ്ച് ജില്ലാ ഓഫീസുകളിൽ അസിസ്റ്റന്റ് ജിയോളജിസ്റ്റ്മാരുടെ ഓരോ തസ്തികകൾ മാത്രമേ ഉള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഖനന പെർമിറ്റുകൾ കൂടുതലായുള്ള കാസർകോട്, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ മറ്റു ജില്ലകളിലേതിന് സമാനമായി അസ്സി. ജിയോളജിസ്റ്റ്മാരുടെ എണ്ണം രണ്ടായി ഉയർത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(സി)

ഖാദിവ്യവസായത്തിന്റെ പുരോഗതിക്കായി നടപ്പാക്കിയ പദ്ധതികൾ

3507. ശ്രീ.കെ.അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങളിൽ ഖാദി വസ്ത്രങ്ങളുടെ വില്പനയിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ;

(ബി) ശനിയാഴ്ച ദിവസങ്ങളിൽ സർക്കാർ ഉദ്യോഗസ്ഥർ കൈത്തറി ഖാദി വസ്ത്രങ്ങൾ

ധരിക്കണമെന്ന നിർദ്ദേശം ഇപ്പോഴും നിലവിലുണ്ടോ; പ്രസ്തുത നിർദ്ദേശം കൂടുതൽ കർശനമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

## നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റി

T 3508. ശ്രീ.ഹൈബി ഈഡൻ

,, വി.റ്റി.ബൽറാം

,, ടി.എൻ. പ്രതാപൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ നാഷണൽ ഓപ്റ്റിക്കൽ ഫൈബർ നെറ്റ് കണക്ടിവിറ്റിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## ഇ-ഗവേണൻസ് സംവിധാനം

3509. ശ്രീ.ഡൊമിനിക് പ്രസന്റേഷൻ

,, ജോസഫ് വാഴയ്ക്കൻ

,, കെ.മുരളീധരൻ

,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് സംവിധാനം ഏർപ്പെടുത്തിയതിന് എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) അംഗീകാരങ്ങൾ ലഭിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

## ഐ.ടി. മേഖലയുടെ വികസനം

3510. ശ്രീ.എം.എ.ബേബി

,, എ.എം. ആരിഫ്

,, കെ. ദാസൻ

,, ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ വികസനത്തിനായുള്ള പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ടെക്നോപാർക്കുകളിലും മറ്റ് ഐ.ടി. പാർക്കുകളിലും സാദ്ധ്യമാക്കാവുന്ന വികസനം ഒരുക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച, സംസ്ഥാനത്ത് വൻപുരോഗതി ഉണ്ടാക്കുന്ന തരത്തിൽ വികസിപ്പിക്കാവുന്ന ഈ മേഖലയെ ആവശ്യമായ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് സാദ്ധ്യമായില്ല എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

## വിവര സാങ്കേതിക വിദ്യ സാധാരണക്കാർക്ക്

3511. **ശ്രീ.ആർ . സെൽവരാജ്**

**,,** ജോസഫ് വാഴയ്ക്കൻ

**,,** സി.പി.മുഹമ്മദ്

**,,** എം.എ. വാഹീദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര വിനിമയ സാങ്കേതിക വിദ്യ സാധാരണക്കാർക്ക് ലഭ്യമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആവിഷ്കരിച്ചത്;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിച്ചത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പെയ്മെന്റ് സംവിധാനം

3512. **ശ്രീ.കെ.മുരളീധരൻ**

**,,** എ.പി.അബ്ദുള്ളക്കുട്ടി

**,,** ബെന്നി ബെഹനാൻ

**,,** സണ്ണി ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## ആറളം പട്ടിക വർഗ്ഗ പുനരധിവാസ മേഖല

3513. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറളം പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളാണുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മേഖലയിലെ ആകെ പട്ടികവർഗ്ഗ ജനസംഖ്യ എത്രയാണ് എന്ന് അറിയിക്കാമോ;

(സി) ഈ ഗവൺമെന്റ് ആറളം പട്ടികവർഗ്ഗ പുനരധിവാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം എന്ന് വിശദമാക്കാമോ;

(ഡി) ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ?

പട്ടിക വർഗ്ഗ മേഖലയിലെ പദ്ധതികൾക്കായി വകയിരുത്തിയ തുക

3514. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ പട്ടിക വർഗ്ഗ മേഖലയിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിരുന്ന ബജറ്റ് വിഹിതവും ചെലവഴിച്ച തുകയും ഉൾപ്പെടെയുള്ള വിശദമായ സ്റ്റേറ്റ്മെൻറ് ലഭ്യമാക്കാമോ?

പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ചികിത്സ

3515. ശ്രീ.പി.തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർ ചികിത്സാ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കാത്തവയുടെയും, സഹായം അനുവദിച്ചിട്ടും വിതരണം ചെയ്യാത്തവയുടെയും ജില്ല തിരിച്ചുള്ള എണ്ണവും നൽകാനുള്ള തുകയും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിനും തുക വിതരണം ചെയ്യുന്നതിനും കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

പട്ടിക വർഗ്ഗ യുവതികൾക്കുള്ള വിവാഹ ധനസഹായം

3516. ഡോ.എൻ. ജയരാജ്
ശ്രീ.റോഷി അഗസ്റ്റിൻ
,, എം.വി.ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം നല്കുന്ന പദ്ധതി എന്നാണ് നിലവിൽ വന്നത്; ഇതിന് കേന്ദ്ര സഹായമുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(സി) നടപ്പു സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുകയിൽ ഇതുവരെ എത്ര ശതമാനം ചെലവഴിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>നാഷണൽ ട്രൈബൽ സ്റ്റുഡന്റ്സ് അപ് ലിഫ്റ്റ്മെന്റ് സ്കീം</u>

3517. ശ്രീ.എ.കെ.ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികളുടെ ഉന്നമനത്തിനായി നാഷണൽ ട്രൈബൽ സ്റ്റുഡന്റ്സ് അപ് ലിഫ്റ്റ്മെന്റ് സ്കീം നടപ്പാക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ബി) എങ്കിൽ, എന്ന് മുതൽ ഈ പദ്ധതി നടപ്പാക്കുന്നു; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) എത്ര തുക പ്രസ്തുത പദ്ധതിക്കായി ഇതിനകം ചെലവഴിച്ചുവെന്നും എത്ര പേർക്ക് പദ്ധതിയുടെ ഗുണം ലഭിച്ചുവെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ആദിവാസി കുട്ടികളുടെ വിദ്യാഭ്യാസം</u>

3518. ശ്രീ.റ്റി.വി.രാജേഷ്
,, ആർ. രാജേഷ്
,, കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ സർക്കാരിന് സാദ്ധ്യമായിട്ടുണ്ടോ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വിവിധ വകുപ്പുകളുമായി ഏകോപിച്ച് എന്തെങ്കിലും സൗകര്യമൊരുക്കേണ്ടതുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) റോഡുകളുടെ അഭാവം, മറ്റ് ഗതാഗത മാർഗ്ഗമില്ലായ്മ തുടങ്ങിയവ കാരണം ഈ വിഭാഗത്തിന് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് സാദ്ധ്യമാകാതിരിക്കുന്നുണ്ടോ?

<u>ആദിവാസി പ്രദേശങ്ങളിലെ കാർഷിക മേഖല</u>

3519. ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.വി.ചെന്താമരാക്ഷൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പ്രദേശങ്ങളിൽ കാർഷിക മേഖല തകർച്ചയിലാ ണോ; അതുകാരണം തൊഴിലില്ലായ്മ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസികളുടെ ജീവിതത്തിൽ ഇത് പ്രതിസന്ധി സൃഷ്ടിച്ചതായി സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ ; കാർഷികപ്രതിസന്ധിയുടെ കാരണങ്ങൾ കണ്ടെത്തി പരിഹരിക്കുമോ ?

<u>ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നുള്ള ഗതാഗത സൗകര്യം</u>

3520. ശ്രീ.റ്റി.എ.അഹമ്മദ് കബീർ
,, സി.മോയിൻ കുട്ടി
,, പി.കെ.ബഷീർ
,, പി.ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആദിവാസി സെറ്റിൽമെന്റുകളിൽ നിന്നുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) വാഹന ഗതാഗത സൗകര്യമുള്ള പാതകളുള്ളതും ഇല്ലാത്തതുമായ

സെറ്റിൽമെന്റുകളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) പത്തു കിലോമീറ്ററിലേറെ ദൂരം കാൽനടയാത്ര വേണ്ടിവരുന്ന സെറ്റിൽമെന്റുകളുണ്ടോ; എങ്കിൽ അതെക്കുറിച്ചുള്ള വിശദ വിവരം നല്കാമോ?

ഭൂരഹിതരായ ആദിവാസികൾ

3521. ശ്രീ.പി.ശ്രീരാമകൃഷ്ണൻ

,, കെ.കെ.ജയചന്ദ്രൻ

,, എം.ചന്ദ്രൻ

,, കെ.കെ.നാരായണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി കണ്ടെത്തുമ്പോൾ അവരുടെ പാരമ്പര്യമായ ജീവിത സാഹചര്യം ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ?

നീക്കിവച്ച തുകയും ചെലവഴിച്ച തുകയും

3522. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്താറുണ്ടോ;

(ബി) എങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഓരോ വർഷവും നീക്കിവച്ച തുകയും,ചെലവഴിച്ച തുകയും എത്രെയാണെന്ന് വിശദമാക്കാമോ;

(ഇ) പദ്ധതി വിഹിതത്തിൽ 2015-16 സാമ്പത്തിക വർഷം യാതൊരു തുകയും ചെലവഴിക്കാത്ത സ്കീമുകളുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും വിശദാംശങ്ങളും ലഭ്യമാക്കാമോ;

വയനാട്ടിലെ ചിങ്ങേരി ഫാമിലെ തൊഴിലാളികൾ

T 3523. ശ്രീ.കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ചിങ്ങേരി ഫാമിൽ എത്ര ആദിവാസി തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്നും അവർ എത്രകാലമായി അവിടെ ജോലി ചെയ്യുന്നുവെന്നും പറയാമോ;

(ബി) ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരിക്കാനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(സി) കൃഷി-മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഇതേ കാറ്റഗറിയിൽപ്പെട്ട തൊഴിലാളികളെ സ്ഥിരപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കൃഷി മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമിലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള ഉത്തരവ് ചിങ്ങേരിയിലെ ആദിവാസി തൊഴിലാളികൾക്ക് ബാധകമാക്കാത്തതെന്തു കൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഇ) ആദിവാസികളോടുള്ള ഈ വിവേചനം അവസാനിപ്പിച്ച് ആ വിഭാഗം തൊഴിലാളികളേയും സ്ഥിരപ്പെടുത്തി അവർക്ക് ജീവിതസുരക്ഷ ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>പട്ടികവർഗ്ഗ മേഖലയിൽ പുതിയ പദ്ധതികൾ</u>

3524. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടിക വർഗ്ഗ മേഖലയിൽ പുതുതായി ആരംഭിച്ച ഓരോ പദ്ധതിയുടേയും ബജറ്റ് വിഹിതവും ചെലവും ഉൾപ്പെടെ വർഷം തിരിച്ച് വിശദമായ സ്റ്റേറ്റ്മെന്റ് നൽകുമോ?

<u>പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി</u>

3525. ശ്രീ.ഇ.പി.ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്ത ആകെ ഭൂമിയുടെ വിസ്തൃതി എത്ര?

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠനാനുകൂല്യങ്ങൾ

3526. **ശ്രീ.കെ.അജിത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന പഠനാനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്വാശ്രയ സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനത്തിനായി ലഭിക്കുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായി ലഭിക്കുന്ന ധനസഹായമുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

## തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾ

3527. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**,,** വി.പി.സജീന്ദ്രൻ
**,,** എ.പി.അബ്ദുള്ളക്കുട്ടി
**,,** ഡൊമിനിക് പ്രസന്റേഷൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് വരുമാനം കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## നടപ്പിലാക്കാൻ കഴിയാത്ത പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

3528. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ പട്ടികവർഗ്ഗ ക്ഷേമത്തിനായി നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ കഴിയാത്തവയുടെ

വിശദാംശങ്ങൾ ലഭ്യമാക്കുമോ;അവ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ

3529. ശ്രീ.കെ.കെ.ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രഖ്യാപിച്ചിട്ടുള്ളതും എന്നാൽ നടപ്പിലാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ ഏതൊക്കെ; ഇവ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി പ്രഖ്യാപിക്കപ്പെട്ട പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെപോയ സാഹചര്യം വിശദീകരിക്കാമോ?

പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനം

3530. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, തേറമ്പിൽ രാമകൃഷ്ണൻ
,, ടി.എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരായ യുവാക്കളുടെ നൈപുണ്യ വികസനത്തിന് എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആദിവാസിക്ഷേമത്തിനായി അനുവദിക്കുന്ന തുക

3531. ശ്രീ.എ.കെ.ബാലൻ
,, വി.ചെന്താമരാക്ഷൻ
ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ആദിവാസി ക്ഷേമത്തിനായി വകയിരുത്തിയ തുക മുഴുവനും അനുവദിച്ചിട്ടുണ്ടോ;

(ബി) വകയിരുത്തിയ പണം അനുവദിക്കാത്തതിന്റെ പേരിൽ ക്ഷേമ പദ്ധതികൾ മുടങ്ങിയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) ആദിവാസികളുടെ ദുരിതം പരിഹരിക്കാൻ ആവശ്യമായ തുകയുടെ ചെറിയശതമാനം പോലും നീക്കിവെക്കാതിരിക്കുകയും നീക്കി വെച്ച തുക അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ആദിവാസി മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>പട്ടികവർഗ്ഗക്കാരുടെ സ്വയം തൊഴിൽ പദ്ധതികൾ</u>

3532. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ സ്വയം തൊഴിൽ പദ്ധതികൾക്ക് പ്രാധാന്യം നൽകാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്</u>

3533. ശ്രീ.ഐ.സി.ബാലകൃഷ്ണൻ
,, വി.പി.സജീന്ദ്രൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരായ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണത്തിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികവർഗ്ഗവിഭാഗക്കാരുടെ തൊഴിൽ പരിശീലനം

3534. **ശ്രീ.കെ.രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വിഭാഗക്കാരുടെ തൊഴിൽ പരിശീലനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പരിശീലന പരിപാടികൾക്കായി ഈ സർക്കാർ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ;

(സി) വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ?

പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായം

3535. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം വൈകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാട് എന്തെന്ന് വിശദമാക്കാമോ;

(ബി) എറണാകുളം ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾക്ക് ധനസഹായം വിതരണം ചെയ്യുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് വിതരണം ചെയ്യാനാകുമെന്നും കാലതാമസം എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ഭൂമിയും വീടും

3536. **ശ്രീ.എം. ഹംസ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഗോത്രത്തിൽപെട്ട ഭവനരഹിതരെ കണ്ടെത്തുന്നതിന് സർവ്വേ നടത്തിയിട്ടുണ്ടോ;എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പട്ടികവർഗ്ഗത്തിൽപെട്ടവർക്ക് ഭൂമിയും വീടും നല്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്ന് ഓരോ വർഷവും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നത്;

(സി) ഓരോ വർഷവും (1/6/2011 മുതൽ 31/3/2016 വരെ) എത്ര പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നല്കുകയുണ്ടായി ;വിശദാംശം ലഭ്യമാക്കാമോ?

<u>ദേശിയോദ് ഗ്രഥന ക്യാമ്പ്</u>

3537. ശ്രീ.ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശിയോദ് ഗ്രഥന ക്യാമ്പ് സംഘടിപ്പിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>യുവജന ക്ഷേമ ബോർഡിന്റെ കേരളോത്സവം</u>

3538. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ കേരളോത്സവം സംഘടിപ്പിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

<u>യുവജന ശാക്തീകരണം</u>

3539. ശ്രീ.പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ അവകാശ സംരക്ഷണ പ്രവർത്തനത്തിനും ശാക്തീകരണത്തിനും എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>സംസ്ഥാന യുവജന കമ്മീഷൻ</u>

3540. ശ്രീ.വി.റ്റി.ബൽറാം

,, ഹൈബി ഈഡൻ

,, കെ.എസ്.ശബരീനാഥൻ

,, ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സാമൂഹ്യ പ്രശ്നങ്ങൾ പരിശോധിക്കാനും സർക്കാരിന് റിപ്പോർട്ട് നൽകാനുമായി സംസ്ഥാന യുവജന കമ്മീഷൻ ആസൂത്രണം ചെയ്ത കർമ്മ പദ്ധതികൾ എന്തെല്ലാം ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>യുവജനകാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ</u>

3541. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം യുവജനകാര്യ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) യുവജനകാര്യ വകുപ്പ് എസ്.എസി, എസ്. ടി വിഭാഗത്തിൽപ്പെട്ട യുവതീയുവാക്കൾക്ക് മാത്രമായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ലഹരിവിരുദ്ധ പ്രചാരണത്തിൽ എൻ.ജി.ഒ. കളുടെ പങ്ക്</u>

3542. **ശ്രീ.റ്റി.യു. കുരുവിള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർത്ഥി യുവജനങ്ങളുടെ ഇടയിൽ മയക്ക് മരുന്നിന്റേത് ഉൾപ്പെടെയുള്ള സ്വാധീനം വർദ്ധിച്ച് വരുന്നത് കണക്കിലെടുത്ത് വളരെ സജീവമായി ഒരു കാലത്ത് പ്രവർത്തിച്ചിരുന്ന ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളെയും മറ്റ് സാംസ്കാരിക കൂട്ടായ്മകളെയും സജീവമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ നടപ്പാക്കുന്ന "സുബോധം " ലഹരിവിരുദ്ധ പ്രചാരണം ആരോഗ്യ ബോധവൽക്കരണം, ട്രാഫിക് ബോധവത്ക്കരണം, സാമൂഹ്യ തിൻമകൾക്കെതിരായ കൂട്ടായ്മ വളർത്തൽ എന്നിവയ്ക്ക് എൻ.ജി.ഒ. കളെ കാര്യക്ഷമമായി ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ;

<u>യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം</u>

3543. **ശ്രീ.കെ.എസ്.ശബരീനാഥൻ**

**,,** ഷാഫി പറമ്പിൽ

**,,** പി.സി വിഷ്ണുനാഥ്

**,,** വി.റ്റി.ബൽറാം **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>യുവജനങ്ങൾക്ക് പുരസ്കാരങ്ങൾ</u>

3544. ശ്രീ.പി.സി വിഷ്ണുനാഥ്
,, വി.റ്റി.ബൽറാം
,, ഹൈബി ഈഡൻ
,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങളുടെ വിവിധ മേഖലകളിലെ പ്രവർത്തനത്തിന് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിലാണ് അവാർഡുകൾ നൽകുന്നത്?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
16-02-2016

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.